പുലമൻ ജങ്ഷനിൽ കക്കൂസും മൂത്രപ്പുരയും.

200. [18] ശ്രീ സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര പുലമൻ ജംഗ്ഷനിൽ പബ്ലിക്കിന്റെ ആവശ്യത്തിനുവേണ്ടി ഒരു കക്കൂസും മൂത്രപ്പുരയും വളരെ ആവശ്യമാണെന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) കഴിയുന്നതും വേഗം ഒരു മൂത്രപ്പുരയും, കക്കൂസും അവിടെ കെട്ടിപ്പൊക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ഉണ്ടു് ;

(ബി) കഴിയുന്നതും വേഗം കെട്ടിപ്പൊക്കാം.

ഡിപ്പാർട്ട്മെൻറുകളുടെ ആവശ്യത്തിനു് എടുക്കുന്ന തുണി.

201. [19] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ടു്, മെഡിക്കൽ, എക്സൈസു് എന്നീ ഡിപ്പാർട്ട്മെൻറുകളിലെ ആവശ്യത്തിനായി ഗവണ്മെൻറിനു് പ്രതിവർഷം ഇപ്പോൾ എത്രവാര തുണി ആവശ്യമുണ്ടു് ;

(ബി) അതിൽ കൈത്തറി നെയ്ത്തുകാർ ഉൽപ്പാദിപ്പിക്കുന്ന തുണികളും എടുക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

ഉത്തരം.

(എ) 2,70,400 വാര.

(ബി) ഉണ്ടു് ; 2,34,675 വാര.

സിവിൽ വർക്കിനു കൊള്ളിച്ചിട്ടുള്ള തുക.

202. [20] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ബഡ്ജറ്റു് വർഷത്തിൽ സിവിൽവർക്കിനു കൊള്ളിച്ചിട്ടുള്ള തുക മുഴുവൻ ചെലവുചെയ്തു്, അതിനുള്ള പണികളും ചെയ്തീർക്കുന്നതിനു കഴിയുമെന്നു് ഗവണ്മെൻറു് കരുതുന്നുണ്ടോ ;

(ബി) ജോലികൾ കഴിയുന്നത്ര വേഗത്തിൽ നടത്തുന്നതിനു ഗവണ്മെൻറു് എന്തെങ്കിലും പുതിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്തൊക്കെയാണെന്നു് വ്യക്തമാക്കുമോ ?

ഉത്തരം.

(എ) ഉണ്ടു് ;

(ബി) ഉണ്ടു് ;

(സി) പണികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ഉള്ള നടപടി ക്രമത്തിൽ വ്യത്യാസം വരുത്തുകയും, ജോലികൾ നടത്തുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly